# VII. ക്രമപ്രശ്നം

## ഭരണറിപ്പോർട്ടുകൾ ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം

ശ്രീ. കെ. ശിവദാസൻനായർ: സർ, ഞാൻ ഇവിടെ ക്രമപ്രശ്നമായിട്ട് ഒരു വിഷയം ഉന്നയിക്കുകയാണ്. നിരവധി ഡിപ്പാർട്ടുമെന്റുകളുടെ ഭരണ റിപ്പോർട്ടുകൾ ഇപ്പോൾ കൈയ്യിൽ കിട്ടുന്നുണ്ട്. കഴിഞ്ഞ ദിവസം കയ്യിൽ കിട്ടിയിട്ടുള്ളത് മ്യൂസിയവും മൃഗശാലയും—ഭരണ റിപ്പോർട്ട് 1997-98. ഹാർബർ എൻജിനീയറിംഗ് 2003-04, പോർട്ട് ഡിപ്പാർട്ടുമെന്റ് 2003-04, ജലസേചന വകുപ്പ് 2003-04, പഞ്ചായത്ത് വകുപ്പ് 2000-01, കേരള മൃഗസംരക്ഷണവകുപ്പ് 2002-03. ഇങ്ങനെ താമസിച്ചു റിപ്പോർട്ടുകൾ വരുന്നതുകൊണ്ട്, ഈ റിപ്പോർട്ട് ഇങ്ങനെ നൽകുന്നതിൽത്തന്നെ ഒരു sanctity ഇല്ലാതാകുന്നു. ഇതിനുമുമ്പ് കൃത്യമായി ഈ ഭരണ റിപ്പോർട്ടുകൾ എം.എൽ.എ.-മാർക്ക് നൽകണമെന്ന് റൂളിംഗുണ്ട്. അങ്ങനെ വരുന്നില്ലെങ്കിൽ അതിനു പ്രത്യേക കാരണം കാണിക്കണമെന്നും പറഞ്ഞിട്ടുണ്ട്. അതിന് അങ്ങ് റൂളിംഗ് നൽകി കൃത്യമായി ഭരണ റിപ്പോർട്ടുകൾ എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്കു പറയുവാനുള്ളത്.

# VIII. റൂളിംഗ്

മി.സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതു പ്രധാനപ്പെട്ട പ്രശ്നമാണ്. വിവിധ വകുപ്പുകളിലെ ഭരണ റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന കാര്യത്തിൽ കാലതാസം നേരിടുന്നു എന്നുള്ളത് സംബന്ധിച്ച് പല ഘട്ടങ്ങളിലും ചെയറിൽ നിന്നും റൂളിംഗും ഉണ്ടായിട്ടുള്ളതാണ്. അത്തരം കാലതാമസങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ മുൻകാലങ്ങളിൽ നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത്തരം കാലതാമസം ഒഴിവാക്കാനാണ് റൂളിംഗും ഉണ്ടായിട്ടുള്ളത്. മാത്രമല്ല സഭയിൽ സമർപ്പിക്കപ്പെടേണ്ട റൂൾ, നോട്ടിഫിക്കേഷൻ, റിപ്പോർട്ടുകൾ മുതലായവ യഥാസമയത്ത് സഭയിൽ സമർപ്പിക്കുന്നുണ്ടോ കാലതാമസം ഉണ്ടായാൽ അതിനുള്ള കാരണത്തിന്റെ വിശദീകരണം തൃപ്തികരമാണോ എന്നിവ പരിശോധിക്കുന്നതിനായി ഒരു നിയമസഭാ കമ്മിറ്റിയും, അതായത് മേശപ്പുറത്തു വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയും പ്രവർത്തിക്കുന്നുണ്ട്. എന്നിട്ടും ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല. ഇക്കാര്യം ചെയർ വളരെ ഗൗരവമായി കാണുന്നുണ്ട്. കാലതാമസം ഒഴിവാക്കാൻ എല്ലാ വകുപ്പുകളും ജാഗ്രത പാലിക്കണമെന്നും ബന്ധപ്പെട്ട സമിതി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും ചെയർ നിർദ്ദേശിക്കുകയാണ്.

# IX. പരാമർശം

## ഫാക്സ് സന്ദേശത്തെ സംബന്ധിച്ച്

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, കഴിഞ്ഞ ദിവസം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന് സംസ്ഥാന ഉന്നത

LIBRARY ARCHIVES Kerala Legislative Assembly